എലിപ്പനിരോഗം

173 (1108) ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് ഏതെല്ലാം ജില്ലകളിൽ എലിപ്പനി ബാധയുണ്ടായി ;

(ബി) എലിപ്പനി ബാധിച്ചവർക്ക് ആശുപത്രികളിൽ ശുശ്രൂഷ ലഭിക്കാൻ കാലതാമസം ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ ; ചികിത്സ ലഭിക്കുവാനുള്ള കാലതാമസത്തിന് കാരണമെന്ത് ;

(സി) രോഗനിർണ്ണയം നടത്തുന്നതിനുള്ള ആന്റിബോഡി പരിശോധനാ സമ്പ്രദായം ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണ് ;

(ഡി) എല്ലാ ജില്ലാ ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇതിനുവേണ്ട ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും എലിപ്പനിരോഗം ഉണ്ടായിട്ടുണ്ട്. എങ്കിലും ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് കൂടുതലായി കാണപ്പെടുന്നത്.

(ബി) ഇല്ല. ചികിത്സ നൽകുന്നതിൽ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫക്ഷ്യസ് ഡിസീസിലും ആന്റിബോഡി പരിശോധനാ സമ്പ്രദായം ലഭ്യമാണ്.

(ഡി) ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ചെലവിന്റെ കണക്കുകൾ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. താൽക്കാലിക കണക്കുകൾ പ്രകാരം ഏകദേശം 1,50,00,000 രൂപയോളം വേണ്ടിവരും.

എലിപ്പനിമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സഹായം

174 (1109) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ആലപ്പുഴ നഗരത്തിൽ എലിപ്പനി രോഗം പിടിപെട്ട് എത്ര പേർ മരണമടഞ്ഞിട്ടുണ്ട് ;

(ബി) മരിച്ചവരുടെ ആശ്രിതർക്കു സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly